"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ 2019-20 സാമ്പത്തിക വർഷത്തിൽ 100 ദിവസം തൊഴിലെടുത്ത കുടുംബങ്ങൾക്ക് ഓണത്തോടനുബന്ധിച്ച് പ്രത്യേക പാരിതോഷികമായി 1000 രൂപ വീതം അനുവദിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.1561/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 21/08/2020

---

പരാമർശം:- 1 സ.ഉ.(സാധാ) നം.1266/2020/ത.സ്വ.ഭ.വ തീയതി 25.06.2020

2 നഗരകാര്യ ഡയറക്ടറുടെ 07.08.2020-ലെ ഡിസി.3-12310/19 നമ്പർ കത്ത്

**ഉത്തരവ്**

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ ഒരോ സാമ്പത്തിക വർഷത്തിലും 100 ദിവസം തൊഴിലെടുത്ത കുടുംബങ്ങൾക്ക് ഓണത്തോടനുബന്ധിച്ച് 1000 രൂപ പ്രത്യേക പാരിതോഷികമായി അനുവദിച്ച വരുന്നുണ്ട്. ഇതേ മാതൃകയിൽ 2018-19 സാമ്പത്തിക വർഷം അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ 100 ദിവസം തൊഴിലെടുത്ത കുടുംബങ്ങൾക്ക് കോവിഡ് മഹാമാരിയുടെ പ്രത്യേക സാഹചര്യം കൂടി കണക്കിലെടുത്ത് പരാമർശം (1) പ്രകാരം പ്രത്യേക പാരിതോഷികം അനുവദിച്ചിരുന്നു. ഇതേ മാതൃകയിൽ 2019-20 സാമ്പത്തിക വർഷം പദ്ധതിക്ക് കീഴിൽ 100 ദിവസം തൊഴിലെടുത്ത എല്ലാ കുടുംബങ്ങൾക്കും പ്രത്യേക പാരിതോഷികം അനുവദിക്കണമെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം (2) കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ 2019-20 സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാതെ തൊഴിലെടുത്ത എല്ലാ കുടുംബങ്ങൾക്കും 1000/- രൂപ പ്രത്യേക പാരിതോഷികം അനുവദിച്ച് ഉത്തരവാകുന്നു. അർഹതാ പട്ടികയിലെ യോഗ്യരായ കുടുംബങ്ങൾ 100 ദിവസം തൊഴിലെടുത്തിട്ടുണ്ടെന്ന് പദ്ധതി രേഖകൾ അടിസ്ഥാനമാക്കി ഉറപ്പ് വരുത്താനാവശ്യമായ നടപടികൾ നഗരകാര്യ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

3. ഇതിലേക്കാവശ്യമായ തുക 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതിക്കായി തുക വകയിരുത്തിയിട്ടുള്ള 2217-80-800-76 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിജുക്കുട്ടൻ എം എസ്**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്:നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ട്രഷറി ഡയറക്ടർ ,തിരുവനന്തപുരം

ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്

ധനകാര്യ (ഡവലപ്മെന്റ് വിംഗ്) വകുപ്പ് (w.r.t. E No. 1507800)

എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി/മേയർമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻ/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by NISAM N
Date: 2020.08.27 17:05:38 IST
Reason: Approved

സെക്ഷൻ ഓഫീസർ